# ഉദയനഗർ ഹൈസ്കൂൾ പുല്ലൂർ

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ
# 2024–2025

# ഉദയനഗർ ഹൈസ്കൂൾ പുല്ലൂർ
# മാസ്റ്റർ പ്ലാൻ 2024-25

## ഉള്ളടക്കം

ആമുഖം
വിദ്യാലയത്തിന്റെ ലഘുചരിത്രം
വിദ്യാലയം പ്രാഥമികവിവരങ്ങൾ
പദ്ധതി വിശദാംശങ്ങൾ - വിഷയാടിസ്ഥാനത്തിൽ
ഉപസംഹാരം

# പിന്നിട്ട നാൾ വഴികൾ

1962 ജൂൺ 2 ന് പുല്ലൂർ ഉദയനഗർ ഹൈസ്കൂൾ സ്ഥാപിതമായി. ഉൽപതിഷ്ണുക്കളായ ചില ചെറുപ്പക്കാരുടെ കൂട്ടായ്മയിൽ രൂപപ്പെട്ട പുല്ലൂർ എജുക്കേഷണൽ & കൾച്ചറൽ സെന്റർ എന്ന രജിസ്റ്റർ ചെയ്യപ്പെട്ട സംഘടനയുടെ നിരന്തര പ്രയത്നത്താലാണ് ഈ വിദ്യാലയം സ്ഥാപിതമാകുന്നത്. പ്രഥമ പ്രസിഡണ്ട് പി.കൃഷ്ണ നായർ, വൈസ് പ്രസിഡണ്ട് ബി. വസന്ത ഷേണായി മാസ്റ്റർ, സെക്രട്ടറിമാധവൻ മാസ്റ്റർ എന്നിവരായിരുന്നു . ആദ്യ ഹെഡ്മാസ്റ്റർ ബി. വസന്തഷേണായി മാസ്റ്റർ ആയിരുന്നു. സംസ്ഥാന ഗ്രന്ഥശാല സംഘംഅംഗമായിരുന്ന വിദ്വാൻകെ കെ നായർ, സെബാസ്റ്റ്യൻ മാസ്റ്റർ, അച്ച്യുതവാര്യർ, മറിയാമ്മ ടീച്ചർ , ബാലൻ മാസ്റ്റർ ,ചിന്താമണി ടീച്ചർ, ഗിരിജാകുമാരി ടീച്ചർ, എ വി ജോർജ്ജ് മാസ്റ്റർ, കെ. ഒ മത്തായി മാസ്റ്റർ, കെപി വിശ്വനാഥൻ മാസ്റ്റർ ,പി നാരായണൻ മാസ്റ്റർ,കെ ഒ ഓമനക്കുട്ടി ടീച്ചർ, പി സി. ദേവസ്യ, ഏവി.ജോർജ്ജ് തുടങ്ങിയവർ ആദ്യകാല
അധ്യാപകരും ബി മുത്തു, പി.ഗോവിന്ദൻ നായർ , വണ്ണാത്തൻ കോമൻ, കെ.ടി കോരൻ എന്നിവർ അധ്യാപകേതര ജീവനക്കാരുമായിരുന്നു. സ്കൂളിന്റെ പ്രവർത്തനം ആദ്യമായി ആരംഭിച്ചത് ഉദയനഗറിലുള്ള കമ്മ്യൂണിറ്റി ഹാളിലായിരുന്നു. സൗകര്യങ്ങൾ കുറവായതിനാൽ താൽക്കാലിക അംഗീകാരം നേടിയാണ് കുറച്ചു കാലം പ്രവർത്തിച്ചത്. ആദ്യമായി സ്കൂളിൽ ചേർന്നത് ഗണപതി
എമ്പ്രാതിരി എന്ന കുട്ടിയാണ്. 1964 ൽ മാർച്ചിൽ ഒന്നാമത്തെ എസ് എസ് എൽ സി ബാച്ചിനെ പരീക്ഷയ്ക്കിരുത്തി. പലവിധ കഷ്ട നഷ്ടങ്ങളിലൂടെയാണ് വിദ്യാലയം കടന്നുപോയത്.

ഇതിന്റെ ആദ്യകാല മാനേജ്മെന്റിന്റെ പ്രതീക്ഷകൾ സാമ്പത്തിക പ്രതിസന്ധി മൂലം തകരുമെന്ന അവസ്ഥയിൽ സ്ഥാപനത്തിന്റെ രക്ഷയ്ക്കായി ഇതിന്റെ മാനേജ്മെന്റ് ഒരു വ്യക്തിക്ക് കൈമാറി വന്നുവെങ്കിലും വിചാരിച്ച വിധത്തിൽ സ്ഥാപനത്തിന് പുരോഗതിയുണ്ടായില്ല. ആദരണീയനായ വാഴുന്നവർ ഈ വിദ്യാലയം മുന്നോട്ട് കൊണ്ടു പോകുവാൻ പറ്റിയ ഒരു നേതൃത്വത്തെ അന്വേഷിക്കുന്ന പശ്ചാത്തലത്തിലാണ് കോഴിക്കാട് രൂപതയ്ക്ക് വേണ്ടി 1984 ൽ അഭിവന്ദ്യ മോൺസിഞ്ഞോർ ജോൺ ബാപ്റ്റിസ്റ്റ് റോഡ്രിഗസ് (J B Rodriguz) ഈ വിദ്യാലയം വിലയ്ക്ക് വാങ്ങി ഏറ്റെടുക്കുന്നത്. കോഴിക്കോട് രൂപതയിലെ അക്കാലത്തെ ഏറ്റവും വലിയ വിദ്യാഭ്യാസ പ്രവർത്തകനും സാമൂഹിക സേവനരംഗത്തെ അതികായനുമായിരുന്നു മോൺ. റോഡ്രിഗ്വസ് .കോഴിക്കോട്, കണ്ണൂർ ,കാസർഗോഡ് ജില്ലകളിൽ വളരെയേറെ വിദ്യാലയങ്ങൾ വളർത്തി കൊണ്ടുവരുന്നതിൽ തൽപരനായിരുന്നു. അക്കാലഘട്ടത്തിൽ കാഞ്ഞങ്ങാട് അപ്പസ്തോലറാണി പള്ളി വികാരിയും പില്ക്കാലത്ത് മലബാറിലെ പ്രശസ്തമായ തലശ്ശേരി സെന്റ് ജോസഫ്സ് ഹയർസെക്കണ്ടി സ്കൂളിന്റെ പ്രധാന അധ്യാപകനുമായിരുന്ന വെരി.റവ.ഫാ. ജോർജ്ജ് പതിയിൽ ഇതിന്റെ മാനേജറായിരുന്നു. 1988 ലാണ് ഈ വിദ്യാലയം കോഴിക്കോട് രൂപത കോർപ്പറേറ്റ് എജ്യുക്കേഷനൽ ഏജൻസിയുടെ ഭാഗമായി അന്നത്തെ കോർപ്പറേറ്റ് മാനേജർ മോൺ. പാസ്ക്കൽ മെൻഡോൺസ അന്നത്തെ കോഴിക്കാട് ബിഷപ്പ് ഡോ. മാക്സ്വെൽ നൊറോണയുടെ അനുഗ്രഹാശ്ശിസ്സുകളോടെ ഏറ്റെടുക്കുന്നത്. ആദ്യകാലത്ത് പഴയ സ്കൂൾ കെട്ടിടവും, ചുറ്റുമുള്ള സ്ഥലവും ഉണ്ടായിരുന്നിടത്ത് പുതിയ സ്കൂൾ കെട്ടിടം നിർമ്മിച്ച് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയുണ്ടായി. 2009 ൽ സി. ഗ്രേസി ജോസഫ് ഹെഡ്മിസ്ട്രസ്സായിരുന്ന കാലത്ത് MP ഫണ്ട് ഉപയോഗിച്ച് കൊണ്ട് രൂപപ്പെടുത്തിയതായിരുന്നു ഇന്ന് കാണുന്ന കളിസ്ഥലം.

ആരംഭ കാലം മുതൽ തന്നെ പുല്ലൂരിനും അതിന് ചുറ്റുപാടുമുള്ള കുട്ടികൾക്ക് നടന്നു വന്നു പഠിക്കുന്നതിനും ഗുണമേൻമയും മൂല്യാധിഷ്ഠിതവുമായ വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഈ വിദ്യാലയം 1998 ൽ കണ്ണൂർ രൂപത

നിലവിൽ വന്നപ്പോൾ അതിന്റെ ഭാഗമായി മാറി. കോഴിക്കോട് രൂപതയുടെ അന്നത്തെ കോർപ്പറേറ്റ് മാനേജറായ ഫാ ടോം അറയ്ക്കലിൽ നിന്നും കണ്ണൂർ രൂപതയുടെ പ്രഥമ കോർപ്പറേറ്റ് മാനേജർ വെരി.റവ ഫാ ജേക്കബ്ബ് ജോസ് കണ്ണൂർ രൂപതാ ബിഷപ്പ് ഡോ. വർഗ്ഗീസ് ചക്കാലക്കലിന്റെ അനുഗ്രഹാശ്ശിസ്സുകളോടെ വിദ്യാലയത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്തു.

വിദ്യാലയത്തിന്റെ ആരംഭകാലം മുതൽ തന്നെ ഈ വിദ്യാലയം അക്കാദമികമായി എന്നും നിലവാരം പുലർത്തിപ്പോരുന്നു. 2014 ൽ ഉദയനഗർ ഹൈസ്കൂളിന്റെ സുവർണ്ണജൂബിലി ആഘോഷം വിവിധ പരിപാടികളോടെ ആഘോഷിക്കപ്പെട്ടു. സുവർണ്ണജൂബിലി സ്മാരകമായി ഒരു സ്റ്റേജും നിർമ്മിക്കപ്പെട്ടു. 2010 ലും ,2017 ലും ,2022 ലും ഏറ്റവും മികച്ച രീതിയിൽ ഉപജില്ല സ്പോർട്സിന് ആതിഥേയത്വം വഹിച്ചു. ഇതിൽ മിച്ചം വന്ന തുക സമാഹരിച്ച് 2010 ലെ സ്പോർട്സിന്റെ ഓർമയ്ക്കായ് നൂൺമീൽ പാചകത്തിനുള്ള ഒരു മുറി പണികഴിക്കുകയുണ്ടായി. 2017 ൽ നടന്ന ഉപജില്ല സ്പോർട്സിന്റെ സ്മരാണാർത്ഥം പുതിയ ബിൽഡിംഗിന് മുകളിൽ മാനജ്മെന്റിന്റെ കൂടെ സഹായത്തോടെ ഒരു ഓഡിറ്റോറിയവും പണികഴിക്കപ്പെട്ടു. 2018 ലാണ് പുതിയ ബിൽഡിംഗിന് മുകളിൽ മാനേജ്മെന്റ് നാലു പുതിയ മുറികൾ കൂടി പണികഴിപ്പിച്ചത്.. നാളിതുവരെ മലയാളം മീഡിയം മാത്രമായിരുന്ന ഈ വിദ്യാലയത്തിൽ 2023 – 24 അധ്യയന വർഷത്തിൽ എട്ടാം തരത്തിൽ ഇംഗ്ലീഷ് മീഡിയം കൂടി ആരംഭിച്ചിട്ടുണ്ട്.

(അഞ്ചു പതിറ്റാണ്ടിലേറെയായി പുല്ലൂർ ഗ്രാമത്തിലെ അനേകം വ്യക്തികളെ ഉയർന്ന തലത്തിലേക്ക് എത്തിച്ച, സമൂഹത്തിൽ നില്ല നിലയിൽ പ്രവർത്തിക്കുന്ന വലിയൊരു നിര പൂർവ്വ വിദ്യാർത്ഥികളുടെയും , രക്ഷിതാക്കളുടെയും, നല്ലവരായ നാട്ടുകാരുടെയും ജനപ്രതിനിധികളുടെയും പിന്തുണ ഈ വിദ്യാലയത്തിന്റെ വളർച്ചക്ക് പിന്നിലുണ്ട്. സ്റ്റാഫംഗങ്ങളുടെ ആത്മാർത്ഥമായ പ്രവർത്തനത്താലും പിടിഎ സജീവമായ പിന്തുണയാലും, മാനേജ്മെന്റിന്റെ കരുത്തുറ്റ നേതൃത്വത്താ
ലും ഈ വിദ്യാലയം മുന്നോട്ടു പോകുന്നു. )

**നാളിതുവരെയുള്ള മാനേജർമാർ**

**1. അഡ്വ. പി കൃഷ്ണൻ നായർ**<br>
**2 .വി രാഘവൻ നായർ**<br>
**3.ഐ വിഷ്ണു വാഴുന്നവർ**<br>
**4. ഫാ.പാസ്കൽ മെൻ ഡോൻസ**<br>
**5. ഫാ. ടോം അറയ്ക്കൽ**<br>
**6. ഫാ. ജേക്കബ് ജോസ്**<br>
**7 . ഫാ . മാർട്ടിൻ രായപ്പൻ**<br>
**8. ഫാ. ക്ലാരൻസ് പാലിയത്ത്**

**ഹെഡ്മാസ്റ്റർമാർ**

**1 ബി. വസന്ത ഷേണായി**<br>
**2. പി ഡി. ജോസഫ്**<br>
**3. വി. ടി. ജോർജ്ജ്.**<br>
**4 മാത്യു**<br>
**5 . എം ടി ജോസ്**<br>
**6. സിസ്റ്റർ ഗ്രേസിക്കുട്ടി ജോസഫ്**<br>
**7 ബെന്നി ഫ്രാൻസിസ്**<br>
**8 രാജു എം എ**<br>
**9. ജോസ് പ്രകാശ് പി.പി.**

*പദ്ധതി വിശദാംശങ്ങൾ വിഷയാടിസ്ഥാനത്തിൽ*

# മലയാളം

- *ക്ലാസ് ലൈബ്രറി*

മലയാളം പാഠവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ക്ലാസിൽ യഥേഷ്ടം ലഭ്യമാക്കുന്നു

- *വായന മുറി / വായനക്കൂട്ടം*

ആനുകാലികങ്ങൾ കുട്ടികൾക്ക് വായിക്കാനവസരമുണ്ടാക്കിക്കൊടുക്കുക (കുട്ടികൾ വീട്ടിൽ നിന്ന് ആനുകാലികങ്ങൾ കൊണ്ടുവരികയും മറ്റു രീതിയിൽ ശേഖരിക്കുകയും ചെയ്യുന്നു.)

- *പിന്നോക്കക്കാരുടെ പഠന നിലവാരം ഉയർത്തൽ*

മലയാള ഭാഷാ പരിജ്ഞാനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ' ചിറക് ' എന്ന പേരിൽ ഒരു പദ്ധതി രൂപീകരിക്കുകയും വൈകുന്നേരങ്ങളിൽ വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നു.

- *ശിൽപശാലകൾ*

ദിനാചരണങ്ങളുടെ ഭാഗമായി നാടകം നാടൻപാട്ട് കവിത ചെല്ലശാലകൾ സംഘടിപ്പിക്കുന്നു

- *വയലാർ ദിനാചരണം*

വയലാർ ഗാനങ്ങളുടെയുംകവിതകളുടെയും ആലാപനം രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും അധ്യാപകരെയും *ചേർത്തുകൊണ്ട് സംഘടിപ്പിക്കുന്നു*

- *സ്കൂൾ മാഗസിൻ*

കുട്ടികളുടെ സാഹിത്യ വാസന വളർത്തുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികളുടെ കഥകളും കവിതകളും ഉൾപ്പെടുത്തി മാഗസിൻ തയ്യാറാകുന്നു

- *പത്രവാർത്ത ഡയറിക്കുറിപ്പ് തയ്യാറാക്കൽ*

കുട്ടികൾ പത്രവാർത്ത ഡയറിക്കുറിപ്പ് തയ്യാറാക്കുന്നു. മികച്ചവ വായന മൂലയിൽ വായനയ്ക്കായി നൽകുന്നു.

- *വീഡിയോ തയ്യാറാക്കൽ*

വായിച്ച കൃതികളിലെ ഭാഗങ്ങൾ എടുത്ത് ദൃശ്യാവിഷ്കാരം നടത്തുന്നു. വിവിധ ചുമതലകൾ വിഭജിച്ചു നൽകുന്നു.

- *സ്കൂൾ ലൈബ്രറി വികസനം*

ഒരുപുസ്തകം എൻറെ സ്കൂളിന് എന്ന പദ്ധതി
പ്രാദേശിക എഴുത്തുകാരുമായി സംവാദം അഭിമുഖം
അമ്മ വായനാ മത്സരം
രക്ഷിതാക്കൾക്ക് ലൈബ്രറി പുസ്തകം വിതരണം ചെയ്യൽ

- *മരച്ചുവട്ടിലെ വായന*

ഒരാൾ ഉറക്കെ കഥ വായിക്കുന്നു മറ്റു കുട്ടികൾ കേൾക്കുകയും നടത്തുകയും ചെയ്യുന്നു

- *എഴുത്ത് കുറിപ്പ് / തയ്യാറാക്കൽ*

കുട്ടികൾക്ക് പരിചിതമായ ഒരു വിഷയം നൽകി ലഘുക്കുറിപ്പ് തയ്യാറാക്കൽ. Cസ്കൂൾ പ്രകൃതി വീട് അവർ കണ്ട സിനിമ യാത്ര പോയ സ്ഥലങ്ങൾetc.)

- *എഴുത്തുകാരെ സ്കൂളിൽ എത്തിക്കൽ*

  പ്രാദേശികമായി ലഭ്യമാവുന്ന എഴുത്തുകാരെ സ്കൂളിലെത്തിച്ചു അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കുന്നു

- *നാടകക്കളരി*

*കുട്ടികൾക്ക്* ഇഷ്ടമുള്ള കഥ നോവൽ പാഠഭാഗങ്ങൾ എന്നിവയുടെ നാടകക്കാവിഷ്കാരം നടത്തുന്നു പ്രാദേശിക ലഭ്യത അനുസരിച്ച് നാടക രംഗത്ത് പ്രവർത്തിക്കുന്നവരുടെ സഹായം ഉറപ്പുവരുത്തുന്നു.

- *കുട്ടികളുടെ റേഡിയോ*

വിദ്യാലയത്തിലെഎല്ലാ ക്ലാസുകളിലേക്കും ക്രമീകരിച്ചിരിക്കുന്ന സ്പീക്കറുകളിലൂടെ കുട്ടികളുടെ പരിപാടികളുടെ ഓഡിയോഅവതരണം ലൈവ് ആയി റെക്കോർഡ് ചെയ്തുറേഡിയോ പ്രക്ഷേപണ രീതിയിൽ അവതരിപ്പിക്കുന്നു.

- *ഭാഷ അസംബ്ലികൾ*

ഇംഗ്ലീഷ്ഹിന്ദി മലയാളം ഭാഷകളിൽ കുട്ടികൾക്ക് അവരുടെ നേതൃത്വത്തിൽ അസംബ്ലി നടത്താനുള്ള അവസരം ഒരുക്കുന്നു

- *വീഡിയോ എഡിറ്റിംഗ് ശില്പശാലകൾ /മലയാളം കമ്പ്യൂട്ടിംഗ്*

താൽപര്യമുള്ളവിദ്യാർത്ഥികൾക്ക് ആവശ്യമായ റിസോഴ്സ് പേഴ്സനെ സംഘടിപ്പിച്ചുകൊണ്ട് വീഡിയോ എഡിറ്റിംഗ് ഓഡിയോ എഡിറ്റിംഗ് മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം നൽകുന്നു

- *ലാംഗ്വേജ് ലാബ്*

കുട്ടികൾ ഉച്ചാരണശുദ്ധിയോടെ വായിക്കുന്നതിന്
ശബ്ദരേഖ ഏൽപ്പിക്കുകയും തുടർന്ന് കുട്ടികളുടെ ശബ്ദം റെക്കോർഡ് ചെയ്തു അവരെ കേൾപ്പിക്കുകയും തെറ്റ് മനസ്സിലാക്കുകയും തിരുത്തുകയും ചെയ്യുന്നു .യാത്രാവിവരണങ്ങൾ ,ധാരാളം ശബ്ദരേഖകൾ ,കവിതകൾ എന്നിവ കേൾപ്പിക്കുന്നു.

<u>പ്രതീക്ഷിത നേട്ടങ്ങൾ</u>

1. മലയാളഭാഷ ഉച്ചാരണശുദ്ധിയോടെ വായിക്കാനും എഴുതാനും
2. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വായനാശീലം തിരികെ കൊണ്ടുവരുന്നതിന്
3. സാഹിത്യകാരന്മാരോടുള്ള ആദരവും ബഹുമാനവും വർദ്ധിപ്പിക്കുന്നതിന്
4. ഇതര ഭാഷകളുടെ പഠനം സുഗമം ആവണമെങ്കിൽ മാതൃഭാഷജ്ഞാനം കൂടിയേ തീരൂ എന്ന ധാരണ കുട്ടികളിൽ ജനിപ്പിക്കുന്നതിന്
5. വിശ്വ സാഹോദര്യ മനോഭാവം കുട്ടികളിൽ വളർത്തുന്നതിന്

കാലയളവ്

- ജൂൺ മുതൽ മാർച്ച് വരെ
- അതാത് ഭാഷ പിരിയഡുകൾ
- ഇടവേളകൾ

ചുമതല

- മലയാളം ഭാഷാ അധ്യാപർ
- പിടിഎ
- എസ് ആർ ജി

# ഹിന്ദി

- <u>*ഹിന്ദി ഭാഷാ അസംബ്ലി*</u>

ഹിന്ദി അസംബ്ലി ആഴ്ചയിൽ ഒരു ദിവസം കുട്ടിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു ഓരോ ക്ലാസിനും ഇടവിട്ട് ചുമതല നൽകുന്നു

- *പദപ്രശ്ന നിർമ്മാണം*

*ഹിന്ദിയിൽ പദപ്രശ്നം നിർമ്മിക്കുന്നു കുട്ടികൾക്ക് ഉത്തരം കണ്ടെത്താൻ നിശ്ചിത ദിവസം നൽകുന്നു വിജയികളെ പ്രഖ്യാപിക്കുന്നു*

- *ഹിന്ദി പഠനാന്തരീക്ഷം സൃഷ്ടിക്കൽ*

*ക്ലാസ്മുറികളിൽ ഹിന്ദി കഥാപ്രസംഗങ്ങൾ ഹിന്ദി പത്രങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കുന്നു ഭിത്തിയിൽ ഹിന്ദി വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നു മഹത് വചനങ്ങൾ എഴുതി പ്രദർശിപ്പിക്കാൻകുട്ടിയുടെ ഒരുക്കുന്നു*

- *ഹിന്ദി വായനാ മൂല*

ക്ലാസ് മുറിയിൽ ഹിന്ദി കഥാപ്രസംഗങ്ങൾ ഹിന്ദി പത്രങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കുന്നു ഭിത്തിയിൽ ഹിന്ദി വാർത്തകൾപ്രദർശിപ്പിക്കുന്ന തിനുള്ള സൗകര്യം ഒരുക്കുന്നു

- *മറ്റൊരു വ്യവഹാര രൂപത്തിലേക്ക് മാറ്റൽ*

*പാഠപുസ്തകത്തിലെ പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമായി മറ്റൊരു വ്യവഹാര രൂപത്തിലേക്ക് മാറ്റി എഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ ഉദാ :- സ്കിറ്റ് ,നാടകം ,സംഭാഷണം ,കവിത* **etc**

- *ഡയറിയെഴുത്ത്*

ഹിന്ദിഭാഷയിൽ ഓരോ ദിവസവും വീട്ടിലും സ്കൂളിൽ നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഹിന്ദി ഡയറി ആയി എഴുതുക

- *ഹിന്ദി ദിനാചരണങ്ങൾ*

ജൂൺമുതൽ മാർച്ച് വരെയുള്ള ദിനാചരണങ്ങളുടെയും അവയുമായി ബന്ധപ്പെട്ട പരിപാടികളുടെയും നോട്ടീസ് ഹിന്ദി ഭാഷയിൽ തയ്യാറാക്കി ഗ്ലാസ് മുറികളിൽ വിതരണം ചെയ്യുന്നു

പ്രതീക്ഷിത നേട്ടങ്ങൾ

- എല്ലാ കുട്ടികൾക്കും ഹിന്ദി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസിപ്പിക്കൽ.
- ക്ലാസ് മുറികളിൽ ഹിന്ദി പഠനാന്തരീക്ഷം സൃഷ്ടിക്കൽ
- ഹിന്ദി ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ
- തെറ്റില്ലാതെ അനായാസമായി ഹിന്ദി എഴുതാനുള്ള ശേഷി നേടൽ
- ദിനാചരണങ്ങളിലൂടെ ഹിന്ദി ഭാഷയെ കൂടുതൽ അറിയൽ

കാലയളവ്

- ജൂൺ മുതൽ മാർച്ച് വരെ ആവശ്യാനുസരണം
- അതാത് ഹിന്ദി ഭാഷാ പിരീഡുകൾ
- മറ്റ് ഇടവേളകൾ

*ചുമതല*

- *ഹിന്ദി ഭാഷാധ്യാപകർ*
- *എസ് ആർ ജി*
- *പിടിഎ*